# സുവർണജൂബിലി: പുതിയ ലോഗോയുമായി നിപ്പോ

ചെന്നൈ • പ്രമുഖ ബാറ്ററി നിർമാതാക്കളായ നിപ്പോ, സുവർണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പുതിയ ബ്രാൻഡ് ലോഗോ അവതരിപ്പിച്ചു.

1972ൽ സ്ഥാപിതമായ ഇൻഡോ നാഷനൽ ലിമിറ്റഡ് (ഐഎൻഎൽ) നിപ്പോ ബാറ്ററികൾ കൂടാതെ ടോർച്ചുകൾ, കൊതുകു ബാറ്റുകൾ, എൽഇഡി ലൈറ്റുകൾ തുടങ്ങി നിരവധി ഇലക്ട്രിക്കൽ ഉൽപന്നങ്ങളുടെ നിർമാതാക്കളാണ്.

ഇന്ത്യയിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ സുവർണ ജൂബിലി ആഘോഷത്തോട് അനുബന്ധിച്ച് ആസൂത്രണം ചെയ്യുന്നതായി നിപ്പോ മാനേജിങ് ഡയറക്ടർ ദ്വാരകാനാഥ് റെഡ്ഡി, ജോയിന്റ് മാനേജിങ് ഡയറക്ടർ ആദിത്യ റെഡ്ഡി എന്നിവർ പറഞ്ഞു.